## കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ കോളേജ് അദ്ധ്യാപകർ - മൊകേരി സർക്കാർ കോളേജിലെ കമ്പ്യൂട്ടർ സയൻസ് അസിസ്റ്റന്റ് പ്രൊഫസറായ ശ്രീമതി ആഷ പി.യ്ക്ക് സ്ഥലംമാറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നം. എ2/14689/2017/കോ.വി.വ തീയതി : 19.07.2017.

---

പരാമർശം: 1) സ.ഉ.(എം.എസ്.) നം. 89/2017/ഉ.വി.വ. തീയതി, തിരുവനന്തപുരം 30.3.2017.
2) ശ്രീമതി ആഷ പി.യുടെ 31/3/2017 ലെ സ്ഥലംമാറ്റ അപേക്ഷ.

**ഉത്തരവ്**

മേൽ പരാമർശം (2)പ്രകാരം മൊകേരി സർക്കാർ കോളേജിലെ കമ്പ്യൂട്ടർ സയൻസ് അസിസ്റ്റന്റ് പ്രൊഫസറായ ശ്രീമതി ആഷ പി. നിലവിൽ ജോലി ചെയ്യുന്ന മൊകേരി സർക്കാർ കോളേജിൽ നിന്നും പാലക്കാട്, ഗവൺമെന്റ് വിക്ടോറിയ കോളേജിലേക്ക് സ്ഥലംമാറ്റ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ രണ്ട് തസ്തിക അനുവദിച്ചിട്ടുണ്ട്.

മേൽസാഹചര്യത്തിൽ പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച കമ്പ്യൂട്ടർ സയൻസ് തസ്തികയിലെ ഒഴിവിൽ മൊകേരി ഗവൺമെന്റ് കോളേജിലെ അദ്ധ്യാപികയായ ശ്രീമതി ആഷ പി.യെ സ്ഥലംമാറ്റി ഇതിനാൽ ഉത്തരവാകുന്നു.

സ്ഥലംമാറ്റം നൽകപ്പെട്ട ടി അദ്ധ്യാപിക ഈ ഉത്തരവ് കൈപ്പറ്റി പത്ത് ദിവസത്തിനകം സ്ഥലംമാറ്റം ലഭിച്ച സ്ഥലത്തേക്ക് ജോലിയിൽ പ്രവേശിക്കേണ്ടതും ആയത് സംബന്ധിച്ചുള്ള വിവരങ്ങൾ യഥാസമയം ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്. ടി അദ്ധ്യാപികയ്ക്ക് ജോയിനിംഗ് ടൈമിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

ഒപ്പ്/-
എം. എസ്. ജയ ഐ.എ.എസ്.
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

1. ശ്രീമതി ആഷ പി., അസിസ്റ്റന്റ് പ്രൊഫസർ ഇൻ കമ്പ്യൂട്ടർ സയൻസ്, മൊകേരി സർക്കാർ കോളേജ്
2. പ്രിൻസിപ്പാൾ, മൊകേരി സർക്കാർ കോളേജ്
3. പ്രിൻസിപ്പാൾ, ഗവൺമെന്റ് വിക്ടോറിയ കോളേജ്, പാലക്കാട്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), എസ്. എച്ച്. മൗണ്ട് റോഡ്, നാഗമ്പടം. ബ്രാഞ്ച് ഓഫീസ്, കോട്ടയം.
5. കരുതൽ ഫയൽ/ഓഫീസ് ഫയൽ.

//അംഗീകാരത്തോടെ,//

സൂപ്രണ്ട്.

TP.20.7.2017.

2/7/17

GOVERNMENT OF KERALA